**കാലിക്കറ്റ് സർവകലാശാല**

**ധനകാര്യ വകുപ്പ് - ആഭ്യന്തര ഓഡിറ്റ് വിഭാഗം**

33400/FIN-INT.AUDIT-1/2018/Fin (I)
17.10.2018

## No.6268/FIN-INT.AUDIT-1/2018/Fin dated 05.09.2018 സമയക്രമപ്രകാരം ആഭ്യന്തര ഓഡിറ്റ് വിഭാഗം 2018 september 13,14 തിയ്യതികളിൽ ചക്കിട്ടപ്പാറയിലുള്ള ടീച്ചർ എഡ്യൂക്കേഷൻ സെന്ററിൽ സന്ദർശിച്ച് തയ്യാറാക്കിയ ഓഡിറ്റ് റിപ്പോർട്ട്.

**കാലിക്കറ്റ് സർവകലാശാലാ BEd സെന്റർ ചക്കിട്ടപ്പാറ** കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ എന്ന സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്..DSFC യുടെ നിയന്ത്രണത്തിലുള്ള പ്രസ്തുത സ്വാശ്രയ സ്ഥാപനത്തിൽ രണ്ടു വർഷകാലയളവിൽ 4 സെമെസ്റ്ററുകളുള്ള, ഒരു ബാച്ചിൽ 50 കുട്ടികൾക്ക് BEd കോഴ്സ് പഠിക്കാനുള്ള സൗകര്യമാണ് നിലവിലുള്ളത് .

**ഓഡിറ്റ് സംഘാംഗങ്ങൾ ;**

**ഓഡിറ്റ് ഓഫീസർ :** രജനീദേവി പി .കെ

**ഓഡിറ്റർ 1)** മനോജ് കുമാർ. ടി

2) സത്യനേശൻ. സി

**പ്രിൻസിപ്പാൾ** ; Smt .അമ്പിളി

**അഡ്മിനിസ്ട്രേറ്റർ :** Sri ചന്ദ്രൻ. പി.കെ.

**ഓഫീസിൽ സൂക്ഷിക്കുന്ന രേഖകളും രെജിസ്റ്ററുകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വസ്തുതകളും, തടസ്സവാദങ്ങളും, നിർദേശങ്ങളും**

### 1.a) <u>ക്യാഷ് ബുക്ക്</u>

**A/c No. 57018573163** (SBI Chakkittappara.) 03 07 .2018 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്തുനോക്കി. 10,49,027/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു.

***തടസ്സവാദങ്ങൾ***

ചെക്ക് നമ്പർ 256095 തിയ്യതി 30.10.2017 പ്രകാരമുള്ള തുക ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.
ചെക്ക് നമ്പർ 256096 പ്രകാരമുള്ള 15,925/- രൂപ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.
ചെക്ക് നമ്പർ 256097 പ്രകാരമുള്ള 5,22,000/- രൂപ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.
സ്ഥാപനത്തിന്റെ തലവൻ ക്യാഷ് ബുക്ക് പരിശോധിച്ചു ബോധ്യപ്പെട്ട് ഒപ്പു വെച്ചിട്ടില്ല എന്നത് ഒരു അപാകതയായി ചൂണ്ടിക്കാട്ടുന്നു.

### 1.b) <u>PTA ക്യാഷ് ബുക്ക്</u>

31.08.2018 തിയ്യതിക്ക് 1,22,142/- രൂപ നീക്കിയിരിപ്പുണ്ട്. PTA യുടെ പ്രവർത്തനങ്ങൾ UO No. GA III /G 2 /4245/99 -II, dated 13.02.2009 guide lines for the operation of PTA...അനുശാസിക്കുന്ന വിധമാണ് എന്ന കാര്യം സ്ഥാപനമേധാവി ഉറപ്പുവരുത്തേണ്ടതാണ്

**അപാകതകളില്ല.**

**3) അഡ്മിഷൻ രജിസ്റ്റർ, 4) അപ്രോപ്രിയേഷൻ രജിസ്റ്റർ, 5) ഹാജർ ബുക്ക്**

**പരിശോധിച്ചു,അപാകതകളില്ല.**

**6)** ഇടപാടുകൾ ഇല്ലാത്തതിനാൽ **PA രജിസ്റ്റർ, 7) CD രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.**

**8.a) TR5 രസീത് പുസ്തകം** രസീത് നമ്പർ 267101 മുതൽ 267266 വരെ **പരിശോധിച്ചു.**

**8.b) TR5 രജിസ്റ്റർ സൂക്ഷിക്കുന്നില്ല.**

**തടസ്സവാദം**

TR 5 രസീത് പുസ്തകം ഉപയോഗിക്കുന്നതിനാൽ പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ടി ആർ 5 രസീത് ബുക്ക് ഉപയോഗിച്ച് വാങ്ങുന്ന ഫീസ് തൊട്ടടുത്ത ദിവസം തന്നെ ബാങ്കിൽ/ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടവാക്കി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയശേഷം സ്ഥാപനത്തിന്റെ മേലധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്. IAW സർക്കുലർ. No. 1876/FIN-INT.AUDIT-1/2018/Fin, Dated: 26.03.2018 ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

**9) Eഗ്രാന്റ്സ് രജിസ്റ്റർ**

A/c No 30859397813 കറന്റ് അക്കൗണ്ട്

12,755/- രൂപ പട്ടികജാതി ക്ഷേമ വകുപ്പിലേക്ക് തിരിച്ചടക്കാനുള്ളതായി മനസിലാക്കുന്നു. 15,000/- രൂപ ശ്രീമതി മെർലിൻ ജേക്കബ് എന്ന വിദ്യാർത്ഥിനിയ്ക്ക് നൽകാനുള്ളതാണ്. **ഇടപാടുകൾ ബാങ്കുമായി ഐക്യപ്പെടുത്തി കണക്ക സൂക്ഷിക്കേണ്ടതാണ് എന്ന് നിർദേശിക്കുന്നു.**

**10) ചെക്ക് രജിസ്റ്റർ**

ചെക്ക് നൽകുന്നതും സ്വീകരിക്കുന്നതുമായ കണക്കുകൾ രേഖപ്പെടുത്താൻ പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

**തടസ്സവാദം**

നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. ക്യാഷ് ബുക്കും ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്തുനോക്കി ആവശ്യമായ കുറിപ്പുകൾ നിശ്ചിത ഇടവേളകളിൽ ചെക്ക് രെജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

**11) ഔദ്യോഗിക സ്ഥാനം വഹിക്കുന്നവരുടെ രജിസ്റ്റർ**

സ്ഥാപനത്തിലെ എല്ലാ വിഭാഗം ജോലിക്കാരെയും സംബന്ധിച്ച വിവരങ്ങൾ, അവർ സ്ഥാപനത്തിൽ ജോലി ചെയ്ത കാലയളവ് എന്നിവ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

**12) അക്സഷൻ രജിസ്റ്റർ**

രജിസ്റ്റർ പ്രകാരം ആകെ 1681 പുസ്തകങ്ങൾ സ്റ്റോക്കുണ്ട്.

**അപാകതകളില്ല.**

**13) ഉത്തരക്കടലാസുകളുടെ സ്റ്റോക്ക് രജിസ്റ്റർ**

ഓരോ പരീക്ഷാകാലത്തിന്റെയും തുടക്കത്തിൽ ഉത്തരക്കടലാസുകളുടെ സ്റ്റോക്ക്, രെജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഓരോ പരീക്ഷയ്ക്കും ഉപയോഗിക്കുന്ന മെയിൻ ഷീറ്റ്, അഡിഷണൽ ഷീറ്റ് എന്നിവയുടെ എണ്ണം ക്രമപ്രകാരം കുറവ് വരുത്തി അക്കൗണ്ട് സൂക്ഷിക്കേണ്ടതും സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

**14) സ്റ്റോക്ക് രജിസ്റ്റർ**

**പരിശോധിച്ചു. അപാകതകളില്ല.**

സർവകലാശാല സ്വന്തമായി നിർമിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനത്തിൽ ബി.എഡ്.വിദ്യാർത്ഥികളെ സംബന്ധിച്ച് പൊതുവെ മെച്ചപ്പെട്ട ഭൗതിക സാഹചര്യമാണ് ഇന്നുള്ളത്. എന്നാൽ വിദ്യാർത്ഥികൾക്ക് ശുദ്ധമായ കുടിവെള്ളം സുഗമമായി ലഭ്യമാകുന്നില്ല എന്നതും സ്ഥാപനത്തിന് ചുറ്റമതിൽ ഇല്ലാത്തതും ഗൗരവമായി കാണേണ്ടതും താമസംവിനാ പരിഹരിക്കപ്പെടേണ്ടതുമാണെന്നു പരിശോധനാസമയത്ത് ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്യുന്നു. ഈ സ്ഥാപനം പ്രാദേശിക കേന്ദ്രമാക്കി, നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി വിദൂര വിദ്യാഭ്യാസ രംഗത്തും മറ്റു സർവകലാശാല ഇന്ന് നൽകിവരുന്ന വിവിധ സേവനങ്ങൾ വിദ്യാർത്ഥി സമൂഹത്തിനു എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ

ആവിഷ്കരിക്കാവുന്നതാണ്.

Suresh K.K

Finance Officer